# മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ പാലക്കുഴ

മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ പ്രഥമ കാതോലിക്കേറ്റ് സെന്ററാണ് കൂത്താട്ടുകുളത്തിനടുത്ത് ഉപ്പുകണ്ടം ജംഗ്ഷനു സമീപം എം.സി. റോഡിനോടു ചേർന്നു കിടക്കുന്ന പാലക്കുഴ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ. 1979 നവംബർ 11-ന് അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി ഇതിനു ശിലാസ്ഥാപനം നിർവ്വഹിക്കുകയും 1981 ഫെബ്രുവരി 8-ന് അദ്ദേഹം ഈ ദേവാലയത്തിന്റെ സമർപ്പണ കൂദാശ നിർവ്വഹിക്കുകയും ചെയ്തു.

ചരിത്രം

1970 കളുടെ ഒടുക്കം മലങ്കര സഭയിൽ രൂക്ഷമായ സഭാ തർക്കത്തെ തുടർന്ന് പാലക്കുഴ സെന്റ്. ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി പൂട്ടി. ഈ സാഹചര്യത്തിലാണ് മലങ്കര ഓർത്തഡോക്സ് സഭാ മക്കൾക്ക് ആരാധനയ്ക്ക് സ്വതന്ത്രമായ ഒരു സംവിധാനമെന്ന ആശയം രൂപപ്പെട്ടത്. ക്രാന്ത ദർശിയും കാതോലിക്കേറ്റിന്റെ അടിയുറച്ച ഭക്തനുമായിരുന്ന കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ദർശന സാക്ഷാത്കാരമാണ് മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ.

പാലക്കുഴയിലും സമീപ പ്രദേശങ്ങളിലുമുള്ള ഓർത്തഡോക്സ് വിശ്വാസികൾക്ക് സ്വാതന്ത്ര്യബോധത്തോടെ വന്ന് ആരാധിക്കുവാനുള്ള ഇടമാണിത്. എങ്കിലും ഈ സൗകര്യം ഏറ്റവും പ്രയോജനപ്പെട്ടത് പാലക്കുഴ സെന്റ്. ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങൾക്കു തന്നെയാണ്.

നിർമ്മാണഘട്ടങ്ങൾ

1981-ൽ ഈ ദേവാലയം സ്ഥാപിച്ചു. തുടർന്ന് 1985-ൽ പള്ളി മുറി പണിയുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ഡോ. റ്റി.പി. ഏലിയാസ് കശ്ശീശായുടെ നേതൃത്വത്തിലായിരുന്നു ഇതു സാധിച്ചത്. 2006-ൽ ഈ ദേവാലയത്തിന്റെ രജത ജൂബിലിയായിരുന്നു. അതിനോടനുബന്ധിച്ച് മുഖവാരവും ഭൂമുഖവും നിർമ്മിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി അതിന്റെ ആശിർവാദം നിർവ്വഹിക്കുകയും ചെയ്തു.

ശുശ്രൂഷ അനുഷ്ഠിച്ച വൈദികർ

ബഹുമാനപ്പെട്ട കുളിരാങ്കൽ കെ.പി. പൗലോസ് കശ്ശീശയായിരുന്നു ഈ ദേവാലയത്തിന്റെ പ്രഥമ വികാരി. തുടർന്ന് റവ. ഫാ. ഡോ.റ്റി.പി. ഏലിയാസ് കശ്ശീശാ ചുമതല എടുക്കുകയും രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ തിരുശേഷിപ്പ് അന്നത്തെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പുണ്യശ്ലോകനായ ബസ്സേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ ബാവായാൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

പിന്നീട് ബഹുമാന്യരായ തോലാനികുന്നേൽ റ്റി.റ്റി. ജേക്കബ്ബ് കശ്ശീശ, കളപ്പുരയ്ക്കൽ ജോസഫ് കശ്ശീശ, മട്ടുമ്മേൽ ഐസക് കോറെപ്പിസ്കോപ്പ, തളിയിച്ചിറ ജോൺ കോറെപ്പിസ്കോപ്പ, ചെമ്മനം ജേക്കബ് കുര്യൻ കശ്ശീശ, പോത്താറയിൽ ജോൺ കുര്യാക്കോസ് കശ്ശീശ എന്നിവർ വിവിധ ഘട്ടങ്ങളിലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇപ്പോൾ കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിയമിതനായ പതപ്പിള്ളിൽ ഗീവർഗീസ് കശ്ശീശയാണ് ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നത്. ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിലും ശനിയാഴ്ചകളിലും ക്രമമായി വി. കുർബ്ബാനയും മറ്റ് കൂദാശകളും അനുഷ്ഠിച്ചു വരുന്നു.